സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിറ്റുവരവ്

26(*311) ശ്രീമതി ആർ. ലതാദേവി :
ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രതിമാസ വിറ്റുവരവ് എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇപ്പോൾ നഷ്ടത്തിലാണോ ലാഭത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) നഷ്ടമാണെങ്കിൽ എത്ര ; ലാഭത്തിലാണെങ്കിൽ എത്ര ;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നഷ്ടത്തിലാണോ ലാഭത്തിലാണോ പ്രവർത്തിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ ;

(ഇ) നഷ്ടമായിരുന്നുവെങ്കിൽ എത്ര ; ലാഭത്തിലായിരുന്നുവെങ്കിൽ എത്ര ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ശരാശരി പ്രതിമാസ വിറ്റുവരവ് 4656 ലക്ഷം രൂപയാണ്.

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(സി) 1999-2000-ൽ 1642 ലക്ഷം രൂപയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നഷ്ടം. ഈ കണക്ക് ഓഡിറ്റിന് വിധേയമാക്കാത്തതാണ്.

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നഷ്ടത്തിലാണ് പ്രവർത്തിച്ചിരുന്നത്.

(ഇ) 1995-96-ലെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നഷ്ടം 2829 ലക്ഷം രൂപയായിരുന്നു.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ജനുവരി 10-ന് സെക്രട്ടേറിയറ്റിൽ നടന്ന സംഭവങ്ങൾ സംബന്ധിച്ച് അന്വേഷണം

1(1691) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 ജനുവരി 10-ന് നടന്ന പണിമുടക്കിൽ പങ്കെടുക്കാതെ ജോലിക്ക് ഹാജരായ ഏതെങ്കിലും ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എന്ത് കാര്യത്തിനാണ് അവരെ സസ്പെന്റ് ചെയ്തത്; അവരുടെ പേരും കേസ്സിന്റെ വിശദവിവരവും വെളിപ്പെടുത്തുമോ;

(സി) ജനുവരി 10-ന് സെക്രട്ടേറിയറ്റിൽ നടന്ന സംഭവങ്ങൾ സംബന്ധിച്ച് എന്തെങ്കിലും വിധത്തിലുള്ള അന്വേഷണം സർക്കാർ നടത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അന്വേഷണം നടത്താതിരിക്കാനുള്ള കാരണം എന്താണ്;

(ഇ) സസ്പെന്റ് ചെയ്യപ്പെട്ടവർക്ക് ചാർജ്ജ് മെമ്മോ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനു കാരണമെന്താണ്;

(എഫ്) സസ്പെന്റ് ചെയ്യപ്പെട്ടവർക്ക് ചാർജ്ജ് മെമ്മോ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ജനുവരി 10-ന് ഓഫീസിൽ ഹാജരായി മന്ത്രിമാരുടെ സുരക്ഷയ്ക്ക് ഭീഷണി ഉയർത്തുകയും ക്രമസമാധാന പ്രശ്നമുണ്ടാക്കുകയും നോർത്ത് ബ്ലോക്കിലെ ഷട്ടർ അകത്തുനിന്നു പൂട്ടുകയും മെറ്റൽ ഡിറ്റക്ടർ കേടു വരുത്തുകയും ചെയ്ത കുറ്റത്തിന് താഴെപ്പറയുന്ന 4 ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

1. ശ്രീ. ജി. ജയകുമാർ
2. ശ്രീ. പി. ചന്ദ്രൻ
3. ശ്രീ. റ്റി. അനിൽകുമാർ
4. ശ്രീ. കെ. സതീശൻ.

(സി) പോലീസ് അന്വേഷണം നടത്തിയിട്ടുണ്ട്.

(ഡി) ബാധകമല്ല.

(ഇ&എഫ്) നടപടി സ്വീകരിച്ചുവരുന്നു.

സർക്കാർ ഉദ്യോഗസ്ഥർക്കുള്ള മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിം തിരിച്ചയച്ച നടപടി

2 (1697) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉദ്യോഗസ്ഥൻമാർക്കും അവരുടെ ആശ്രിതർക്കും രോഗ ചികിത്സയ്ക്ക് നേരിടേണ്ടതായിവരുന്ന ചെലവ് റീ-ഇമ്പേഴ്സ് ചെയ്തു കൊടുക്കുവാൻ വ്യവസ്ഥയുണ്ടോ;

(ബി) ഈ വ്യവസ്ഥ പ്രകാരം സമർപ്പിക്കുന്ന ക്ലെയിമുകൾ ടൈം ബാർഡ് ആകുന്നത് ഏത് സാഹചര്യത്തിലാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly